സ്വദ്റുദ്ദീൻ വാഴക്കാട്

# ആത്മീയതയുടെ ഹദീസ് പാഠങ്ങൾ

**ഹദീസ്** ജന്മമെടുത്ത പരിസരം ആത്മീയനിരാസത്തിന്റെതോ ഭൗതികത്വത്തിന്റെതോ ആയിരുന്നില്ല. പ്രതിഷ്ഠ, പ്രാർഥന, പൂജ, ധ്യാനം, ഉത്സവം തുടങ്ങിയ ആത്മീയചിഹ്നങ്ങളും ആരാധനാ രൂപങ്ങളും ജീവിതം തന്നെയെന്നതിന് വാക്-കർമസാക്ഷ്യങ്ങൾ നിരത്തിയ സാമൂഹിക പശ്ചാത്തലം ഹദീസുകൾക്കുണ്ട്. അറേബ്യക്കകത്തുമാത്രമല്ല, പുറത്തും ആധ്യാത്മികതയുടെ പ്രണേതാക്കൾക്കായിരുന്നു മേൽകൈ. ജൂത-ക്രൈസ്തവ-ബഹുദൈവത്വ മതങ്ങൾക്ക് ആത്മീയതക്കപ്പുറം ഒരു ലോകമേ ഇല്ലായിരുന്നു. പക്ഷേ, അവയുടെ ആത്മീയത മലിനവും വക്രവുമായിരുന്നുവെന്നതാണ് അനുയായികളുടെ ജീവചരിത്രം തെളിയിക്കുന്നത്.

സമൂഹത്തിൽ അശേഷം സ്വാധീനമില്ലാത്ത ആത്മീയതയായിരുന്നു പരമ്പരാഗത മതങ്ങൾ പ്രതിനിധാനം ചെയ്തത്. ധാർമിക സമുദ്ധാരണത്തിനും സാംസ്കാരിക വളർച്ചക്കും വൈജ്ഞാനിക-നാഗരിക ഉയർച്ചക്കും നിമിത്തമാകാൻ അവക്കു കെൽപുണ്ടായിരുന്നില്ല. വേരും തടിയും ചില്ലകളുമാസകലം ജീർണതകൾ നിറഞ്ഞ ജനത ഭക്തിയിലും മുന്നിൽ തന്നെയായിരുന്നു - മ്ലേഛതകൾക്ക് താങ്ങും തണലുമായി വർത്തിച്ചത് ആത്മീയതതന്നെയെന്നർഥം. കഅ്ബയിൽമാത്രം മുന്നൂറിലധികം വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ച് പൂജിച്ചിരുന്നവർ തന്നെയാണ് അപമാനഭയം നിമിത്തം പെൺകുഞ്ഞുങ്ങളെ ജീവനോടെ കുഴിച്ചുമൂടിയിരുന്നത്. കഴുത്തറുപ്പൻ പലിശയിലൂടെ ജനങ്ങളെ ചൂഷണം ചെയ്തതും മതത്തിന്റെ പ്ലാറ്റ്ഫോമിലുള്ളവർ തന്നെ. കൊള്ള, കൊല, മദ്യപാനം ആദിയായ തിന്മകൾക്ക് ആത്മീയവാദികൾക്കിടയിൽ ഒട്ടും കുറവുണ്ടായിരുന്നില്ല. കൊള്ള നടത്താൻ പോകുമ്പോൾപോലും അവർ വലിയ ദൈവത്തെ പൂജിച്ച് ചെറിയ ദൈവങ്ങളെ കീശയിലിട്ട് കൊള്ളക്ക് കാവലിരുത്തി. ആത്മീയോത്സവങ്ങൾക്ക് മാറ്റ്കൂട്ടാൻ ലഹരി പാനീയങ്ങൾ ഉപയോഗിച്ചു.

ഇതിനൊരു കാരണമുണ്ടായിരുന്നു. ആത്മീയത തന്നെയും പാപത്തിലധിഷ്ഠിതമായിരുന്നുവെന്നതാണത്. ദൈവത്തെ അംഗീകരിച്ചുകൊണ്ടുതന്നെ ദൈവനിഷേധം പ്രകടിപ്പിച്ചു മതങ്ങൾ. ഏകദൈവത്വമെന്ന ആത്മീയതയുടെ യഥാർഥ അടിത്തറയെ ബഹുദൈവത്വമാക്കി വക്രീകരിക്കുന്നത് ദൈവനിഷേധംപോലെ തന്നെയാണ്. വംശീയ മഹിമയിൽ അധിഷ്ഠിതമായ ആത്മീയ ചിന്തയും മോക്ഷസങ്കൽപവുമാണ് ചിലർക്കുണ്ടായിരുന്നത്. ദൈവത്തിന്റെ സ്വന്തക്കാരായതിനാൽ തങ്ങളിലെ പാപികൾ പോലും ഏതാനും നാൾ മാത്രമേ നരകത്തിൽ കിടക്കൂ എന്ന ജൂത ജൽപനം ഉദാഹരണം.



ആത്മീയത തന്നെയും പൈശാചികമായിമാറിയ ചരിത്രസന്ധിയിലായിരുന്നു നബി(സ)യുടെ നിയോഗം. അശുദ്ധമായ ആത്മീയതയിൽനിന്ന് വിശുദ്ധ സമൂഹം ജന്മമെടുക്കില്ല. ഇതു തിരിച്ചറിഞ്ഞ നബി(സ) ആത്മീയതയെ ശുദ്ധീകരിച്ചുകൊണ്ടാണ് സമൂഹ പുനർനിർമാണം ആരംഭിച്ചത്. മായം

കലർന്ന, വക്രിച്ച ആത്മീയതയെ വിമലീകരിക്കുകയായിരുന്നു പ്രവാചകൻ. അദ്ദേഹം ദൈവിക മൂല്യങ്ങളിൽ അതിനെ മാറ്റിപ്പണിതു. അതിന്റെ താത്ത്വികവശങ്ങളും പ്രായോഗികമാതൃകകളുമാണ് ഹദീസുകളിൽ കാണുന്നത്. ഖുർആൻ പഠിപ്പിക്കുന്ന ആത്മീയതയുടെ വിശദാംശങ്ങളാണ് ഹദീസിൽ തെളിഞ്ഞുനിൽക്കുന്നത്.

ലോക സ്രഷ്ടാവും മനുഷ്യനും തമ്മിലുള്ള രൂഢമൂലമായ ബന്ധത്തിന്റെ പേരാണ് ആത്മീയത. അതൊരു ജന്മവാസനയാണ്. മനുഷ്യനിൽ മാത്രമല്ല ഏതൊരു സൃഷ്ടിയിലും പ്രകൃത്യാ കുടികൊള്ളുന്നത്. അല്ലാഹുവിന്റെ സന്നിധാനവുമായുള്ള ഒരാത്മബന്ധം, ഒരു അലൗകികാനുഭൂതി. നശ്വരനായ മനുഷ്യൻ അനശ്വരനായ ദൈവത്തെ കണ്ടെത്തലും ശക്തനും അജയ്യനുമായ ദൈവം ദുർബലനും അഭയാർഥിയുമായ അടിമയെ സ്വീകരിക്കലുമാണത്. ആത്മീയത ഒരിക്കലും ഏകപക്ഷീയമല്ല. മനുഷ്യൻ അല്ലാഹുവിനെ സമീപിക്കൽ മാത്രമല്ല, അല്ലാഹു മനുഷ്യനെ ഏറ്റുവാങ്ങൽ കൂടിയാണ്. "മരുഭൂമിയിൽ ഒറ്റപ്പെട്ടുപോയൊരാൾക്ക് ഏകാവലംബമായുണ്ടായിരുന്ന ഒട്ടകവും അതുവഹിച്ചിരുന്ന വസ്തുവകകളും നഷ്ടപ്പെട്ടു. കൺമുമ്പിൽ മരണം കണ്ടുകഴിയവെ നഷ്ടപ്പെട്ട ഒട്ടകം ഓർക്കാപ്പുറത്ത് അയാളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. സന്തോഷാധിക്യത്താൽ അയാൾ പറഞ്ഞു: 'അല്ലാഹുവേ നീ എന്റെ അടിമയും ഞാൻ നിന്റെ ഉടമയുമാണ്.' ആഹ്ലാദത്താൽ മതിമറന്നിരുന്നു അയാൾ. ഇതിലുമേറെയാണ്, പാപിയായ ഒരാൾ അല്ലാഹുവിന്റെ മുമ്പിൽ പശ്ചാത്തപിച്ച് ചെല്ലുമ്പോൾ അല്ലാഹുവിനുണ്ടാകുന്ന സന്തോഷം." ഹദീസിൽ പശ്ചാത്താപത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ചു വന്നിട്ടുള്ള മനോഹരമായ ഉപമയാണിത്. പാപമോചനം നൽകാനും പ്രാർഥന സ്വീകരിക്കാനും അല്ലാഹു ആകാശ ലോകത്തുനിന്നു താഴേട്ടിറങ്ങിവരുന്നുവെന്നും അല്ലാഹുവിലേക്ക് അടിമ ഒരുചാൺ അടുത്താൽ അല്ലാഹു അടിമയോട് ഒരു മുഴമടുക്കുമെന്നുമൊക്കെയുള്ള ഹദീസുകൾ ആത്മീയത ഏകപക്ഷീയമല്ലെന്ന് സൂചിപ്പിക്കുന്നു.

**ആത്മീയത തന്നെയും പൈശാചികമായിമാറിയ ചരിത്രസന്ധിയിലായിരുന്നു നബി(സ)യുടെ നിയോഗം. അശുദ്ധമായ ആത്മീയതയിൽനിന്ന് വിശുദ്ധ സമൂഹം ജന്മമെടുക്കില്ല. ഇതു തിരിച്ചറിഞ്ഞ നബി(സ) ആത്മീയതയെ ശുദ്ധീകരിച്ചുകൊണ്ടാണ് സമൂഹ പുനർനിർമാണം ആരംഭിച്ചത്. മായം കലർന്ന, വക്രിച്ച ആത്മീയതയെ വിമലീകരിക്കുകയായിരുന്നു പ്രവാചകൻ. അദ്ദേഹം ദൈവിക മൂല്യങ്ങളിൽ അതിനെ മാറ്റിപ്പണിതു. അതിന്റെ താത്ത്വികവശങ്ങളും പ്രായോഗികമാതൃകകളുമാണ് ഹദീസുകളിൽ കാണുന്നത്. ഖുർആൻ പഠിപ്പിക്കുന്ന ആത്മീയതയുടെ വിശദാംശങ്ങളാണ് ഹദീസിൽ തെളിഞ്ഞുനിൽക്കുന്നത്.**

### അഞ്ചു ധാരകൾ

ചരിത്രത്തിലുടനീളം ആത്മീയതയുടെ അഞ്ചു ധാരകൾ കാണപ്പെടുന്നു. സന്യാസം, പൗരോഹിത്യം, പ്രമാണിത്തം, രാഷ്ട്രീയം എന്നിവയാണതിൽ നാലെണ്ണം. സന്യാസം വക്രമാണെങ്കിലും ആത്മീയധാരതന്നെയാണ്. പ്രമാണി-രാഷ്ട്രീയ ധാരകൾ യഥാർഥത്തിൽ ആത്മീയമാണെന്ന് അവക്കുതന്നെ വാദമില്ല. ആത്മീയതക്കപ്പുറം ഭൗതികമാണവ. പക്ഷേ, അവ മതത്തെയും മതചിഹ്നങ്ങളെയും സമർഥമായി ഉപയോഗിക്കുന്നു. ഇവ മൂന്നിനും ഇടക്കാണ് പൗരോഹിത്യത്തിന്റെ സ്ഥാനം.

ആത്മീയതയുടെ മറുവാക്കോ, പൂർണതയോ ആയി കരുതപ്പെടുന്നതാണ് സന്യാസം. ലോകത്തെ കാരാഗൃഹമായി കാണുന്ന, ജീവിതത്തെ പരിത്യജിക്കുന്ന, വികാരങ്ങളെ നിഗ്രഹിക്കുന്ന ആത്മീയതയെയാണ് സന്യാസം പ്രതിനിധീകരിക്കുന്നത്. പ്രകടനാത്മകതയും ഭൗതിക താൽപര്യങ്ങളുമില്ലാത്തതും സദ്വിചാരത്തിലധിഷ്ഠിതവുമാണെങ്കിലും ആത്മീയതയുടെ വികല ദർശനമാണ് സന്യാസം. പൗരോഹിത്യമാകട്ടെ, പ്രകടനാത്മകവും ഭൗതിക താൽപര്യങ്ങളിലധിഷ്ഠിതവുമാണ്. ആത്മീയ സാമ്രാജ്യത്തിലെ കുലപതികളായ പുരോഹിതർ ദൈവത്തിനും ഭക്തർക്കുമിടയിൽ മാധ്യസ്ഥ്യ വേഷം കെട്ടുന്ന ചൂഷകരാണ്. സമ്പത്തും സ്ഥാനമോഹങ്ങളുമാണ് അവരെ നയിക്കുന്നത്. ആത്മീയതയെ ബാധിക്കുന്ന ഏറ്റവും വലിയ പുഴുക്കുത്താണ് പൗരോഹിത്യം. പക്ഷേ, സന്യാസവും പൗരോഹിത്യവും തമ്മിലുള്ള വേർതിരിവ് യഥാർഥ രൂപത്തിൽ നടക്കാറില്ല. സമ്പത്തിനും അധികാരത്തിനും വേണ്ടി മതത്തെയും ചിഹ്നങ്ങളെയും സമർഥമായി ഉപയോഗിക്കുന്നു പ്രമാണിവർഗവും ഭരണാധികാരികളും. പ്രദർശനാത്മകവും, വ്യാപാരവത്കൃതവും രാഷ്ട്രീയവത്കൃതവുമായ ആത്മീയ ധാരകളെ ഇവർ പ്രതിനിധീകരിക്കുന്നു. വ്യവസായ-വാണിജ്യ സ്ഥാപനങ്ങൾ മതചിഹ്നങ്ങളെയും നേതാക്കളെയും ഉപയോഗിച്ച് കച്ചവടസാധ്യത വർധിപ്പിക്കുന്നു. ഉത്സവങ്ങളും ആഘോഷങ്ങളും മാത്രമല്ല ആരാധനാചടങ്ങുകളും ആരാധനാകേന്ദ്രങ്ങളും സ്പോൺസർ ചെയ്യുന്നതും വൻകിട മുതലാളിമാരാണ്. ഉത്സവങ്ങളും നേർച്ചകളും സ്വലാത്തുസമ്മേളനങ്ങളും ഭക്തജനങ്ങളും മതനേതൃത്വവും നിർത്താൻ തീരുമാനിച്ചാലും വ്യാപാരികൾ അനുവദിക്കില്ല. മതഗ്രന്ഥങ്ങളുടെ പ്രസാധനത്തിൽ വൻകിടമുതലാളിമാർ മുഖ്യകാർമികരാവുകയും ആത്മീയ നേതാക്കൾ അവർക്കായി മൗലിദുകൾ രചിക്കുകയും ചെയ്യുന്നു. ഭരണ-രാഷ്ട്രീയ ധാരയുടെ ആത്മീയതയും ഇതിനു തുല്യമാണ്. അധികാരത്തിനുവേണ്ടി മതത്തെയും നേതാക്കളെയും ആരാധനാലയങ്ങളെയും വരെ അവരുപയോഗിക്കും. രാജാക്കന്മാരുടെയും രാഷ്ട്രീയക്കാരന്റെയും ആത്മീയത ഇന്നലെയെന്നപോലെ ഇന്നും സജീവമാണ്. ദൈവത്തിന്റെ പ്രതിപുരുഷന്മാരായി ചമഞ്ഞിരുന്ന ധാരാളം രാജാക്കന്മാരുണ്ടായിരുന്നു ചരിത്രത്തിൽ. മതകേന്ദ്രങ്ങൾ പണിതും മതോത്സവങ്ങളിൽ പരിവാരസമേതം എഴുന്നള്ളിയും പ്രമുഖ സ്ഥാനങ്ങൾ അലങ്കരിച്ചും അവർ ഭക്തരായി ചമയും. സ്വേഛാധിപത്യഭരണത്തിനെതിരെ ജനശക്തി ഉണരാതിരിക്കാനായി ദൈവങ്ങളെയും മതങ്ങളെയും അവർ രംഗത്തിറക്കും. സങ്കുചിതതാൽപര്യങ്ങൾക്കുവേണ്ടി ദൈവത്തിനുപോലും കൈക്കൂലികൊടുക്കാൻ മടിക്കില്ല ഈ രണ്ടു ധാരകളും. പൗരോഹിത്യത്തിന്റെ എക്കാലത്തെയും പിന്തുണയും ഇവർക്കുണ്ട്. ഈ മുക്കൂട്ടുമുന്നണിയുടെ പരിഷ്കരിച്ച പതിപ്പുകളാണ് ഇന്ന് നമുക്കു ചുറ്റും.

### പ്രവാചക പാത

ആത്മീയതയുടെ ദൈവികവും സത്യസന്ധവുമായ ധാരയാണ് പ്രവാചകൻ പ്രതിനിധാനം ചെയ്യുന്നത്. ആത്മീയ വികാസത്തിന്റെ ഉത്തമ മാതൃകയാണ് നബിയെന്ന് അല്ലാഹു(ഖുർആൻ 32: 21) സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ഖുർആൻ ഒരു ജീവിതദർശനം അവതരിപ്പിക്കുന്നു. അതിൽ ആത്മീയ വ്യവസ്ഥയും പ്രതിപാദിച്ചിട്ടുണ്ട്. അതിന്റെ

വിശദാംശങ്ങൾ ഹദീസുകളിൽ നിറഞ്ഞു കിടക്കുകയാണ്. സിദ്ധാന്തങ്ങൾക്കുപരിയായി ഏവർക്കും മാതൃകയാക്കാവുന്ന ആത്മീയതയുടെ കർമരൂപങ്ങളാണ് ഹദീസുകളിലുള്ളത്.

അല്ലാഹുവിൽനിന്ന് മനുഷ്യനിലേക്കും തിരിച്ചും ഒരു നേർരേഖ വരച്ചു നബി(സ). വക്രമായ ഭിന്നവഴികളെ അദ്ദേഹം നിരാകരിച്ചു. 'മനുഷ്യൻ അല്ലാഹുവിന്റേത്' എന്ന തിരിച്ചറിവിൽനിന്നാണ് ആത്മീയോൽകർഷത്തിന്നുള്ള അന്വേഷണങ്ങളും പരലോക മോക്ഷത്തിനുള്ള സാധനകളുമുണ്ടാകുന്നത്. ഹദീസ് നിർവഹിക്കുന്ന ഒന്നാമത്തെ ദൗത്യം ഈ തിരിച്ചറിവു പകരുകയെന്നതാണ്.

മനുഷ്യമനസ്സാണ് ആത്മീയതയുടെ കേന്ദ്രമെന്ന് ഹദീസുകൾ പറയുന്നു. മനസ് വികാരങ്ങളുടെ കേന്ദ്രസ്ഥാനമാണെന്നതുകൊണ്ട് അതിന്റെ ശുദ്ധീകരണം ആത്മീയോൽക്കർഷത്തിനും ജീവിതസംസ്കരണത്തിനും അടിസ്ഥാനമായി വർത്തിക്കുന്നു. നബി(സ) പറഞ്ഞു: 'ശരീരത്തിൽ ഒരു മാംസപിണ്ഡമുണ്ട്. അതു നന്നായാൽ ശരീരം മുഴുവൻ നന്നായി. ദുഷിച്ചാൽ ശരീരമാസകലം ദുഷിച്ചു. അതാണ് ഹൃദയം.' അല്ലാഹുവും മനുഷ്യനും തമ്മിലുള്ള ഈ ബന്ധം ഹൃദയവികാരങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നു. വിശ്വാസിയുടെ അന്തർശക്തിയാണ് ആധ്യാത്മിക ബോധം. 'ഇഹ്സാൻ' എന്തെന്ന് നബി വിശദീകരിച്ചതിപ്രകാരമാണ്: 'അല്ലാഹുവെ കാണുന്നില്ലെങ്കിലും കാണുന്നുണ്ടെന്ന ഭാവേന ആരാധനകൾ നിർവഹിക്കുക.'

സ്നേഹം, സൂക്ഷ്മത, ഭയം, ഭക്തി, പ്രതീക്ഷ, സംതൃപ്തി തുടങ്ങിയ വികാരങ്ങളോടെ അല്ലാഹുവെ സമീപിക്കണമെന്ന് നബി(സ) പഠിപ്പിച്ചിട്ടുണ്ട്. ഇത്തരം മഹദ് വികാരങ്ങളുടെ അഭാവത്തിൽ അല്ലാഹുവും മനുഷ്യനും തമ്മിലുള്ള ബന്ധം ക്രിയാത്മകമാവുകയില്ല. തഖ്‌വ, തസ്കിയ, ദിക്ർ, സ്വലാത്ത്, ദുആ തുടങ്ങിയവ ആത്മീയതയുടെ വിവിധ ഭാവങ്ങളെയാണ് പ്രതിഫലിപ്പിക്കുന്നത്. പ്രാർഥന ആത്മീയതയുടെ കാമ്പും കാതലുമാണ്. നബിയുടെ ജീവിതത്തിലെ എല്ലാ സന്ദർഭങ്ങളും പ്രാർഥനാനിർഭരമായിരുന്നുവെന്ന് ഹദീസുകളിൽ കാണാം.

പരസ്പര ബന്ധിതമായി സാഗരസമാനം പരന്നുകിടക്കുന്ന ഹദീസുകളിൽനിന്ന് ആത്മീയതയെ മാത്രം ചികഞ്ഞെടുക്കുക പ്രയാസമാണ്. വിശേഷിച്ചും അവിഭജിതമായ ഏകകമാണ് മനുഷ്യജീവിതമെന്ന് പ്രവാചകന്റെ ജീവിതമാതൃക തന്നെ നമ്മെ പഠിപ്പിക്കുമ്പോൾ. ഹൃദയത്തിൽനിന്നാണ് ശരീരത്തിന്റെ മുഴുഭാഗങ്ങളിലേക്കുമുള്ള രക്തം പമ്പുചെയ്യുന്നത്. ശരീരത്തിന്റെ മുഴുപ്രവർത്തനങ്ങളും ജീവന്റെ നിലനിൽപുവരെ ഹൃദയകേന്ദ്രീകൃതമാണെന്നർഥം. അതേ ഹൃദയമാണ് ആത്മീയതയുടെയും കേന്ദ്രസ്ഥാനമെന്ന് നടേ ഉദ്ധരിച്ച നബിവചനത്തിൽനിന്ന് മനസ്സിലാകുന്നു. എങ്കിൽ, ഒരു വ്യക്തിയുടെ ശരീരത്തിലെ ഏത് അവയവംകൊണ്ടു ചെയ്യുന്ന ഏതു കർമവും ഹൃദയ കേന്ദ്രീകൃതം അഥവാ ആത്മീയതയിലധിഷ്ഠിതമായിരിക്കണം. ഒന്നുകൂടി വിശദീകരിച്ചാൽ, മനുഷ്യജീവിതത്തിന്റെ സർവ മേഖലകളെയും ഉത്തമ മൂല്യങ്ങളിലും ഉന്നത ധാർമിക നിലവാരത്തിലും നിലനിർത്തുകയാണ് ആത്മീയത ചെയ്യുന്നത്. ഹൃദയം ശരീരത്തിന്റെ കേന്ദ്രമെന്ന പോലെ ആത്മീയത സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക-നാഗരിക-സാംസ്കാരിക-കുടുംബ രംഗങ്ങളുടെയെല്ലാം കേന്ദ്രസ്ഥാനമായി വർത്തിക്കണം.

വ്യക്തിനിഷ്ഠവും മനഃസംസ്കരണത്തിൽ മാത്രം ഊന്നുന്നതുമാണ് ആത്മീയതയെന്നാണ് പൊതുവെയുള്ള കാഴ്ചപ്പാട്. ഇത് ഹദീസ് അംഗീകരിക്കുന്നില്ല. ജീവിതത്തെ കേന്ദ്രീകരിച്ച് നിൽക്കുന്നതാണ് ആത്മീയത. മനസ്സിനെ മാത്രമല്ല എല്ലാ ജീവിതരംഗങ്ങളെയും ആത്മീയത സംസ്കരിക്കണം. മനസ്സിനെ മാത്രമല്ല, സമ്പത്തിനെയും ആരാധനകൾ ശുദ്ധീകരിക്കണം. നമസ്കാരം പോലെ സകാത്തും ആരാധനയാണ്. നമസ്കാരം മനസ്സിനെ സംസ്കരിക്കുകയും അല്ലാഹുവിലേക്ക് ആകാശയാത്ര നടത്തുകയും ചെയ്യുമ്പോൾ തുല്യപ്രാധാന്യമുള്ള സകാത്ത് സമ്പത്തിനെ ശുദ്ധീകരിക്കുകയും ജനങ്ങളിലേക്ക് സേവനയാത്ര നടത്തുകയും ചെയ്യുന്നതാണ്. ആധ്യാത്മികതയുടെ ദ്വിമാനങ്ങളെയാണ് നമസ്കാരവും സകാത്തും പ്രതിഫലിപ്പിക്കുന്നത്.

ജീവിതത്തിൽനിന്നു വേറിട്ട ആത്മീയതയും ആത്മീയതയിൽനിന്നു വേറിട്ട ജീവിതവും ഹദീസുകൾ നിരാകരിക്കുന്നു. ഭക്തിക്ക് നിർമല ഹൃദയങ്ങളെയെന്നപോലെ നിർമല സമൂഹങ്ങളെയും സൃഷ്ടിക്കാനാവണം. പള്ളികളെ ആരാധനകൾ സജീവമാക്കണം, അപ്രകാരം പാർലമെന്റുകളെ ആരാധനകൾ ശുദ്ധീകരിക്കണം. മദ്റസകളിൽനിന്നും മതപാഠശാലകളിൽനിന്നും നേടുന്ന അറിവ് ഓഫീസ്, കൃഷിയിടം, കച്ചവട കേന്ദ്രം.......... എല്ലാറ്റിനെയും മൂല്യവൽക്കരിക്കണം. അതില്ലാതെ പോകുന്നത് ആത്മീയത പാർശ്വവൽക്കരിക്കപ്പെടുമ്പോഴാണ്. ആരാധനകളിലേക്കും മനസ്സിലേക്കും മാത്രം ആത്മീയതയെ ന്യൂനീകരിക്കുമ്പോഴാണ്. ഓരോ പ്രാർഥനയും പേമാരി പോലെ പെയ്തിറങ്ങി, ജീവിത രംഗങ്ങളിലെ സർവ മാലിന്യങ്ങളെയും കഴുകി ശുദ്ധീകരിക്കണം. ഓരോ ആരാധനയും ഓരോ ദൂതാണ്. അല്ലാഹുവോടുള്ള പ്രാർഥനയെന്നപോലെ മനുഷ്യൻ സ്വന്തത്തോടു നടത്തുന്ന ഉദ്ബോധനവും. ഭക്ഷണം ഉപേക്ഷിക്കുകയെന്നതാണ് വ്രതം. പക്ഷേ അത് കണ്ണിനും കാതിനും കൈ കാലുകൾക്കും നാവിനുമെല്ലാം ചില സന്ദേശങ്ങൾ നൽകുന്നു. ഭക്ഷണമുപേക്ഷിക്കുന്നതുപോലെ മ്ലേഛവികാരങ്ങളും വാക്കുകളുമെല്ലാം ഉപേക്ഷിക്കണം. മനസ്സിലെ ചിന്തകളെ, അവയവങ്ങളുടെ കർമങ്ങളെ ശുദ്ധീകരിക്കുന്നു നോമ്പ്. ചതി, ദ്രോഹം, ക്രൂരത, ധനാപഹരണം തുടങ്ങിയ ദുഷ്ചെയ്തികൾ ആരാധനകളെ നിഷ്ഫലമാക്കുമെന്ന ഹദീസിലെ ഉദ്ബോധനം, ആത്മീയത ജീവിത വ്യവഹാരങ്ങളെ സ്വാധീനിക്കേണ്ടതിന്റെ അനിവാര്യതയിലേക്ക് വിരൽ ചൂണ്ടുന്നു.




നമസ്കാരം ആത്മീയതയുടെ ഏറ്റവുമുയർന്ന രൂപമാണ്. അതുവഴി പാപങ്ങൾ പൊറുക്കപ്പെടുന്നു. പരലോകത്ത് പ്രതിഫലം ലഭിക്കുന്നു. പക്ഷേ, ഇഹലോകത്തോ? നമസ്കാരാവശ്യത്തിന് അംഗശുദ്ധിവരുത്തുമ്പോൾ ശരീരത്തിലെ ബാഹ്യമാലിന്യങ്ങൾ കഴുകിക്കളയുന്നു. ഒപ്പം അവകൊണ്ടു ചെയ്ത പാപങ്ങൾ പൊറുക്കപ്പെടുന്നു. നമസ്കാരം സ്വീകാര്യമാകണമെങ്കിൽ വെള്ളം, ശരീരം, നമസ്കാരസ്ഥലം, വസ്ത്രം എല്ലാം വൃത്തിയായിരിക്കണം. ശുചിത്വം ആത്മീയതയുടെ അടിസ്ഥാനമായി മാറുന്നതാണ് ഇവിടെ നാം കാണുന്നത്. മലിനവികാരങ്ങളൊഴിഞ്ഞ മനസ്സും മാലിന്യമുക്തമായ

പരിസരവും എന്ന ആത്മീയതയുടെ ദ്വിമാന കാഴ്ചപ്പാടാണ് ഇതിൽ പ്രതിഫലിക്കുന്നത്. പരിസര ശുചിത്വത്തിലും കൂടി ഊന്നുന്ന ആത്മീയതയാണ് ഹദീസുകൾ പഠിപ്പിക്കുന്നതെന്നർഥം.

തിരക്കുപിടിച്ച ജീവിതവ്യവഹാരങ്ങൾക്കിടയിൽ നമസ്കാരം നിശ്ചിത സമയങ്ങളിൽ തന്നെ നിർവഹിക്കുന്നു. കൃത്യനിഷ്ഠയുള്ള ജീവിതം വിശ്വാസിയെ പഠിപ്പിക്കുന്നതോടൊപ്പം ഏർപ്പെട്ടിരിക്കുന്ന തൊഴിലുകളിലുള്ള അല്ലാഹുവിന്റെ നിയമനിർദേശങ്ങൾ ഇടക്കിടെ ഓർമിപ്പിക്കുക കൂടിചെയ്യുന്നുണ്ട് നമസ്കാരം. ഈ ഉദാഹരണങ്ങൾ ആത്മീയതയുടെ ബഹുമുഖമാനങ്ങളെ വ്യക്തമായി അടയാളപ്പെടുത്തുന്നു. പക്ഷേ, ഹദീസുകളെ അക്ഷരങ്ങളിൽ മാത്രം വായിക്കുന്നവർക്ക് ഇത് അനുഭവവേദ്യമാകില്ല. ആത്മീയത പരലോക മോക്ഷത്തിൽമാത്രം അധിഷ്ഠിതമായ ഒരു വിദൂരസ്വപ്നമല്ല. ഭൂമിയിലും ചില ദൗത്യങ്ങൾ നിർവഹിക്കാനുണ്ടതിന്. ഭൗതിക ജീവിതതുറകളിൽ ആത്മീയത അതിന്റെ പ്രഭാപൂരം പ്രസരിപ്പിക്കണം. ശക്തി, ഊർജസ്വലത, ആവേശം, കൃത്യനിഷ്ഠ, ആത്മവിശ്വാസം തുടങ്ങിയ മഹദ് ഗുണങ്ങൾ മനുഷ്യന് ലഭ്യമാകണം. ആത്മബലവും ജീവിത വിശുദ്ധിയുമാണ് ഭൗതിക ലോകത്ത് ആത്മീയത പ്രദാനം ചെയ്യുന്ന അനുഭവ ഫലങ്ങൾ.

സ്ഥാപനവൽകൃത ആത്മീയതയെ നബി നിരാകരിച്ചിരിക്കുന്നു. ഭക്തിയുൽപാദിപ്പിച്ച് വിതരണം ചെയ്യുന്ന കേവല ആധ്യാത്മിക കേന്ദ്രം ഇസ്‌ലാമിന് അന്യമാണ്. ഭൂമിയെ മുഴുവനായും ആത്മീയ കേന്ദ്രമെന്ന് വിശേഷിപ്പിക്കുന്നു ഹദീസ്. നബി(സ) പറഞ്ഞു: 'ഭൂമി മുഴുവൻ എനിക്ക് ആരാധനാസ്ഥലവും ശുചീകരണ ഉപാധിയുമാക്കി നിശ്ചയിക്കപ്പെട്ടിരിക്കുന്നു.' പള്ളികൾ ആരാധനകളുടെ മാത്രം കേന്ദ്രമല്ലെന്നത് നബിചര്യയിൽ വ്യക്തമായി രേഖപ്പെട്ടുകിടക്കുന്നതാണ്. മസ്ജിദുന്നബവിയെ പരമ്പരാഗത വിവക്ഷയിലുള്ള ഒരു ആത്മീയ കേന്ദ്രമായി കാണാൻ ചരിത്രമറിയുന്നവർക്കു സാധ്യമല്ല. ജീവിതത്തിന്റെ എല്ലാരംഗങ്ങളെയും നിയന്ത്രിച്ച്, എല്ലാറ്റിനും വെളിച്ചം പകർന്ന സമ്പൂർണ കേന്ദ്രമായിരുന്നു അത്. സമൂഹനിർമാണത്തിലും രാഷ്ട്ര സ്ഥാപനത്തിലും സാമ്പത്തിക വളർച്ചയിലും നാഗരിക-സാംസ്കാരിക പുരോഗതിയിലും പങ്കുവഹിച്ച കേന്ദ്രം. അതായത്, സമൂഹ പുനർനിർമാണത്തിന് അടിത്തറയൊരുക്കുന്ന ആത്മീയതയെയാണ് നബി പകർന്നുതന്നത്.

ഋജുവായ ആത്മീയതയാണ് ഹദീസുകളിൽ ഇതൾ വിരിയുന്നത്. അല്ലാഹുവും മനുഷ്യനും തമ്മിൽ ഇടയാളരില്ലാതെ നേർക്കുനേരെയുള്ള ബന്ധമാണ് നബി(സ) പഠിപ്പിച്ചത്. അല്ലാഹുവിങ്കൽ പ്രത്യേക സ്ഥാനമാനങ്ങളും അധികാരാവകാശങ്ങളുമുള്ള ഒരു സവിശേഷ വിഭാഗത്തെ ആത്മീയരംഗത്ത് നബി(സ) പ്രതിഷ്ഠിച്ചില്ല. പൗരോഹിത്യത്തെ പൂർണമായി നിരാകരിക്കുക വഴി, ആത്മീയത ഏജന്റുമാരുള്ള ഒരു കച്ചവടസാധ്യതയാകുന്നത് നബി(സ) തടഞ്ഞു. തനിക്ക് പ്രത്യേക സിദ്ധികളുണ്ടെന്നും അല്ലാഹുവിൽനിന്ന് പലതും സാധിക്കാനാകുമെന്നും നബി വാദിച്ചില്ല. അമാനുഷിക പ്രഭാവമുള്ള ഒരാത്മീയ നേതാവാണ് താനെന്ന് സമൂഹം തെറ്റിദ്ധരിക്കാതിരിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. കർമങ്ങൾക്കനുസരിച്ചായിരിക്കും രക്ഷാശിക്ഷകളെന്ന് ഹദീസുകൾ മുന്നറിയിപ്പു നൽകുന്നു. നബി(സ) പ്രിയപുത്രി ഫാത്വിമയോട് പറഞ്ഞു: 'ഫാത്വിമാ, നരകത്തിൽനിന്ന് നീ നിന്നെ സ്വയം കാത്തുകൊള്ളുക. അല്ലാഹുവിങ്കൽനിന്നൊന്നും നിനക്ക് നേടിത്തരാൻ എനിക്ക് സാധ്യമല്ല.' മധ്യവർത്തികളിലൂടെ മോക്ഷം വാഗ്ദാനം ചെയ്യുന്ന ആത്മീയതയുടെ അടിവേരറുക്കുന്നുണ്ട് ഈ ഹദീസ്. സകാത്ത് നബികുടുംബത്തിന് നിഷിദ്ധമാക്കുക വഴി പൗരോഹിത്യത്തിന്റെ സാമ്പത്തിക ചൂഷണ മാർഗങ്ങളെയും നബി അടച്ചുകളഞ്ഞു. നബി(സ)യായിരുന്നു ആരാധനകൾക്ക് സാധാരണയായി നേതൃത്വം നൽകാറുണ്ടായിരുന്നത്, മറ്റെല്ലാ കാര്യങ്ങൾക്കും തഥാ. തന്റെ അഭാവത്തിൽ അതിനുവേണ്ടി നബി(സ) പ്രത്യേക വ്യക്തികളെയോ വിഭാഗങ്ങളെയോ തെരഞ്ഞെടുത്തില്ല. ചിലപ്പോൾ അബൂബക്റും മറ്റു ചിലപ്പോൾ അന്ധനായ അബ്ദുല്ലാഹിബ്നു ഉമ്മിമക്തൂമും പ്രസ്തുത ഉത്തരവാദിത്വം നിർവഹിച്ചു. മക്കാ വിജയത്തിന്റെ അസുലഭ വേളയിൽ ബാങ്കുവിളിച്ച് വിജയ പ്രഖ്യാപനം നടത്താൻ നബി(സ) തെരഞ്ഞെടുത്തത് ബിലാലി(റ)നെയായിരുന്നു. 'സ്ഥാന'വൽകൃതമായ ഒരു മത-ആത്മീയ നേതൃത്വത്തെ, ഗുരുപരമ്പരയെ നബി(സ) ബോധപൂർവം തന്നെ നിരാകരിച്ചുവെന്നതാണ് ഇത് തെളിയിക്കുന്നത്.

മാനവികതയിലധിഷ്ഠിതമായ ആത്മീയതയാണ് ഹദീസിൽനിന്ന് വായിച്ചെടുക്കാൻ സാധിക്കുന്നത്. അല്ലാഹുവെ ദർശിക്കുംമുമ്പ് ഭക്തൻ മനുഷ്യനെ ദർശിച്ചിരിക്കണം. സഹജീവിയായ മനുഷ്യന്റെ പ്രയാസങ്ങൾ പരിഹരിക്കാതെ ഒരു വിശ്വാസിക്കും അല്ലാഹുവെ പ്രീതിപ്പെടുത്താനാവില്ല. ഭൂമിയിലെ ജീവജാലങ്ങളോടുചെയ്യുന്ന കാരുണ്യത്തെ അല്ലാഹുവിന്റെ കാരുണ്യം ലഭിക്കാനുള്ള ഉപാധിയാക്കി നിശ്ചയിച്ചിരിക്കുന്നു. മനുഷ്യർക്ക് തെറ്റുകുറ്റങ്ങൾ വിട്ടുവീഴ്ച ചെയ്യുന്നത് അല്ലാഹുവിൽനിന്ന് പാപമോചനം ലഭിക്കാനുള്ള ഒരു മാനദണ്ഡമാണ്. 'നിങ്ങൾ ആരാധിക്കുക, നിങ്ങൾ നമസ്കരിക്കുക' തുടങ്ങിയവക്കു സമാനമായ കൽപനാപ്രയോഗം തന്നെയാണ് 'നിങ്ങൾ ഭൂമിയിലുള്ളവരോട് കാരുണ്യം കാണിക്കുക' എന്ന ഹദീസിലുള്ളത്.

ഒരു സ്ത്രീ പൂച്ചയെ പട്ടിണിക്കിട്ടു. മറ്റൊരുവൾ അയൽവാസിയെ ദ്രോഹിച്ചു. രണ്ടുപേരും ഭക്തരും ആരാധനകളിൽ കണിശതയുള്ളവരുമായിരുന്നു. പക്ഷേ, അവരുടെ ആരാധനകൾ മനുഷ്യസ്നേഹത്തിലേക്കോ, ജീവികളോടുള്ള കാരുണ്യത്തിലേക്കോ എത്തിയിരുന്നില്ല. ഫലമോ, നരകശിക്ഷ. മാനവികതയില്ലാത്ത ഭക്തി അസ്വീകാര്യമെന്നാണ് ഹദീസിൽ വിവരിച്ച രണ്ട് സംഭവങ്ങളും പഠിപ്പിക്കുന്നത്.

ഹജ്ജ് ആരാധനയാണ്. അറഫാ പ്രസംഗം ആത്മീയ പ്രഭാഷണവും. പക്ഷേ, നബിയുടെ അറഫാ പ്രസംഗം ഒരാവൃത്തി കൂടി വായിച്ച് നോക്കുക. ഹജ്ജ് ചടങ്ങുകളോ പ്രാർഥനകളോ ബലിയോ ഒന്നുമല്ല അതിലുള്ളത്. വംശ-വർണ ഭിന്നതകൾ, സാമ്പത്തിക പ്രശ്നങ്ങൾ, ഗോത്രവൈരം, കൊലപാതകം, സ്ത്രീ സംരക്ഷണം, അനൈക്യം തുടങ്ങിയ പ്രശ്നങ്ങളാണതിൽ നബി(സ) ഊന്നിയിട്ടുള്ളത്. ഒരു 'ആത്മീയ പ്രഭാഷണം' ചരിത്രത്തിലെ ഉജ്ജ്വലമായ ഒരു 'മനുഷ്യാവകാശ പ്രഖ്യാപന'മായി മാറുകയാണ്.

ആത്മീയത ഭക്തിയുടെ ഉന്മാദാവസ്ഥയല്ല. അതൊരു അനുഭവവും ജീവിത സാഫല്യവുമാണ്. അതിജീവനത്തിന്റെ കരുത്തും കർമനിരതമായ ജീവിതത്തിനുള്ള ഉദ്ബോധനവുമാണ്. ഇഹലോകത്തിനും പരലോകത്തിനുമിടയിലുള്ള സന്തുലിതത്വം കാത്തുസൂക്ഷിക്കുന്നുവെന്നതാണ് ആത്മീയതയുടെ ഹദീസ് പാഠങ്ങളിൽ പ്രധാനം.

ഭൗതിക വിഭവങ്ങളുടെ നിരാസം, വികാരങ്ങളുടെ നിഗ്രഹം, ജീവിതത്തിൽനിന്നുള്ള ഒളിച്ചോട്ടം, അരാഷ്ട്രീയവൽക്കരണം തുടങ്ങിയ ആത്മീയതയുടെ വികല സങ്കൽപങ്ങളെ തകർത്തുകളയുന്ന കാഴ്ചപ്പാടാണ് ഹദീസുകളിൽ കാണുക. അമിത ഭക്തിയും അത് സാക്ഷാത്കരിക്കാനുള്ള ശരീരപീഡയും, സ്വയം അടിച്ചേൽപിക്കുന്ന സാമൂഹ്യ ഭ്രഷ്ടും അവിടെ അംഗീകരിക്കപ്പെടുന്നില്ല. ഒരു ആരാധനക്കും നിശ്ചയിക്കപ്പെട്ടതിലധികം പ്രാധാന്യം നൽകാവതല്ല. വികാരങ്ങളെ നിഗ്രഹിക്കാനല്ല, നിയന്ത്രിക്കാനാണ് നബി(സ) പഠിപ്പിച്ചത്. നബി(സ) സന്തുലിതമായ ആത്മീയതയുടെ വക്താവായിരുന്നു. അസന്തുലിതമായ ആത്മീയ വഴികൾ അന്വേഷിച്ച തന്റെ ചില സഹാക്കളെ താക്കീതിന്റെ സ്വരത്തിൽ ശക്തിയായി വിലക്കുകയുണ്ടായി അദ്ദേഹം. നബിയുടെ തഖ്‌വ തങ്ങൾക്ക്

പോരെന്നു പറഞ്ഞവർ, വിവാഹം ചെയ്യില്ലെന്നും എല്ലാ ദിവസവും നോമ്പെടുക്കുമെന്നും രാത്രി മുഴുവൻ നമസ്കരിക്കുമെന്നും ശപഥം ചെയ്തവർ, ശരീരം ക്ഷീണിച്ചിട്ടും പള്ളിയിൽ കയർകെട്ടി അതിൽ തൂങ്ങിനിന്ന് നമസ്കരിക്കാൻ തുനിഞ്ഞവർ, വൃഷണം ഉടച്ച് ലൈംഗികവികാരങ്ങളെ നശിപ്പിക്കാനൊരുങ്ങിയവർ, നമസ്കാരത്തിൽ ജനങ്ങളെ പ്രയാസപ്പെടുത്തുംവിധം ദീർഘമായി ഖുർആൻ പാരായണം ചെയ്യുന്നത് ഭക്തിയാണെന്നു ധരിച്ചവർ, അല്ലാഹു നൽകിയ ഇളവുകൾ തിരസ്കരിക്കുന്നതാണ് ഉത്തമമെന്ന് ചിന്തിച്ചവർ, ഭാര്യയോടും കുടുംബത്തോടുമുള്ള ബാധ്യതകൾ നിർവഹിക്കാതെ ആരാധനകളിൽ കഴിഞ്ഞവർ..... ഇവരെയൊക്കെ നബി(സ) ശാസിക്കുകയും അവരുടെ ആത്മീയ ചിന്തകളെ നിരാകരിക്കുകയുമാണ് ചെയ്തത്. ജനങ്ങളോടൊപ്പം ജീവിച്ച് അവരുടെ കഷ്ടപ്പാടുകളിൽ പങ്കുചേർന്നുള്ള ആത്മീയതയായിരുന്നു നബിയുടേത്. ഓരോ ജീവിതമേഖലക്കും അർഹമായ പരിഗണനയും, അവകാശികൾക്ക് അവരുടെ അവകാശങ്ങളും വകവെച്ചുകൊടുക്കുന്ന ആത്മീയ ചിന്തയേ നബി പഠിപ്പിച്ചിട്ടുള്ളൂ. അതിനപ്പുറമുള്ളത് അസന്തുലിതവും വക്രവും നബിചര്യക്ക് വിരുദ്ധവുമാണ്. വർത്തമാന കാലത്തെ ആത്മീയോത്സവങ്ങളെ ഈ ആശയ പരിസരത്തു നിന്നുകൊണ്ട് നാം നിരൂപണം നടത്തേണ്ടതുണ്ട്.

സാമൂഹിക യാഥാർഥ്യങ്ങളെ തിരിച്ചറിയുന്ന, തിന്മകളോട് കലഹിക്കുന്ന ആത്മീയതയാണ് നബിചര്യയിൽ കാണാനാവുക. അനീതിക്കും അക്രമത്തിനുമെതിരെ നിരന്തരം പോരാടാനുള്ള ഉത്തേജനം നൽകുന്ന ഉള്ളടക്കമാവണം ആത്മീയതക്കുണ്ടാവേണ്ടത്. ഓരോ അനുഷ്ഠാനവും വെടിയുണ്ടയായി അനീതിയുടെ നെഞ്ചിൽ തുളച്ചുകയറണം. ഓരോ പ്രാർഥനയും ചാട്ടവാറായി അധർമിയുടെ മുതുകിൽ പതിക്കണം. ഭീരുക്കളെ നിർമിക്കാനുള്ള, സമൂഹത്തെ മയക്കിക്കിടത്താനുള്ള അനസ്തേഷ്യയല്ല; പോരാളികളെ സൃഷ്ടിക്കാനും സമരങ്ങൾക്ക് പ്രചോദനം നൽകാനുമുള്ള ഉത്തേജകമാണ് ആത്മീയത. ■